**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4049 21.10.2016 ൽ മറുപടിയ്ക്ക്**

**സി.എൻ.ജി. അധിഷ്ഠിത ബസ്സുകൾ**

| ചോദ്യം<br>ശ്രീ. സി.ദിവാകരൻ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സി.എൻ.ജി. അധിഷ്ഠിത ബസ്സുകൾ എന്നത്തേക്ക് നിരത്തിലിറക്കാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; | (എ) | കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യുടെ 1000 പുതിയ സി.എൻ.ജി. ബസ്സുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പു വർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. സി.എൻ.ജി. വാഹനങ്ങളിൽ നിറയ്ക്കുന്നതിനാവശ്യമായ ഡിസ്പെൻസിംഗ് യൂണിറ്റുകൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല. 2017 ജനുവരിയോടെ കെ.എസ്.ആർ.ടി.സി.യുടെ ആലുവ റീജിയണൽ വർക്ക് ഷോപ്പിലും, കെ.യു.ആർ.റ്റി.സി.യുടെ ആസ്ഥാനമായ തേവരയിലും, 2017 ജൂണിൽ തിരുവനന്തപുരം ആനയറയിലും 2018 ഫെബ്രുവരിയിൽ കൊല്ലത്തും, 2017 ആഗസ്റ്റിൽ കണ്ണൂരിലും 2018 മാർച്ചിൽ തൃശ്ശൂരിലും സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ഇന്ധനം വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ M/s ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ തുടങ്ങി കഴിഞ്ഞു. |
| (ബി) | പദ്ധതി ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ? | (ബി) | 300 (മുന്നൂറ്) കോടി രൂപ |

സെക്ഷൻ ഓഫീസർ